നമ്പർ 63/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളികൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
വളരെ ദു:ഖത്തോടും, ഹൃദയവേദനയോടും കൂടിയാണ് നാം ഇത് എഴുതുന്നത്. കാനഡാ - യു. കെ - യൂറോപ്പ് മെത്രാസനാധിപനും, പരിശുദ്ധ സഭയിലെ സീനിയർ മെത്രാപ്പോലീത്തന്മാരിൽ ഒരാളുമായ അഭിവന്ദ്യ ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ ദേഹവിയോഗം അത്യന്തം വേദനാജനകമാണ്. പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയടെ അനുഗ്രഹാശിസ്സുകളോടെ ഭാരതത്തിന്റെ തലസ്ഥാന നഗരിയിലേക്ക് അയക്കപ്പെട്ട കെ. സി. തോമസ് അച്ചൻ, കേരളത്തിന് പുറത്ത് അക്കാലത്ത് നിർവ്വഹിച്ച ശ്രേഷ്ഠമായ അജപാലന ശുശ്രൂഷ അവിസ്മരണീയമാണ്. ഡൽഹി, ബോംബെ മെത്രാസനങ്ങളിൽ ഇന്ന് നാം കാണുന്ന അഭൂതപൂർവ്വമായ വളർച്ചയ്ക്ക് അദ്ദേഹം നൽകിയ നേതൃത്വം ശ്രദ്ധേയമായിരുന്നു. ബോംബെ മെത്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ എന്ന നിലയിൽ നിന്നും അമേരിക്കൻ മെത്രാസനത്തിന്റെ ആദ്യ അമരക്കാരനായി ചുമതലയേറ്റപ്പോൾ അവിടെയുള്ള സഭാമക്കളുടെ ഐക്യത്തിനും, ആത്മീയ പോഷണത്തിനും അദ്ദേഹം അശ്രാന്തം പരിശ്രമിച്ചു. മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റ് എന്ന നിലയിലും അഭിവന്ദ്യ പിതാവ് കുറെനാൾ സ്തുത്യർഹമായി പ്രവർത്തിച്ചിരുന്നു. കാനഡാ -യു.കെ -യൂറോപ്പ് മെത്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ എന്ന ചുമതലയിൽ സ്തുത്യർഹമായ നേതൃത്വം നൽകിവരവെയാണ് തന്റെ ശുശ്രൂഷയുടെ വഴിത്താരയിൽ ഈ അത്യാഹിതം സംഭവിച്ചത്.

പ്രശ്നങ്ങളെ സമചിത്തതയോടും ക്രിയാത്മകമായും നേരിടുവാനുള്ള അദ്ദേഹത്തിന്റെ കഴിവ് ആരെയും അത്ഭുതപ്പെടുത്തുന്നതായിരുന്നു. സന്ദിഗ്ദ്ധമായ ഘട്ടങ്ങളിൽ സമയോചിതമായി പ്രവർത്തിക്കുന്നതിനും, സ്വതസിദ്ധമായ വാക്ചാതുര്യം കൊണ്ടും നർമ്മകുശലതകൊണ്ടും അനുവാചകഹൃദയങ്ങളെ സ്വാധീനിക്കുന്നതിനും അദ്ദേഹത്തിനുണ്ടായിരുന്ന കഴിവ് അനിതരസാധാരണമായിരുന്നു. വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്നതിന് അദ്ദേഹം പ്രദർശിപ്പിച്ച തീഷ്ണത പ്രത്യേകം എടുത്ത് പറയേണ്ടതാണ് സഭാചരിത്ര പണ്ഡിതൻ എന്ന നിലയിലും അദ്ദേഹം ശ്രദ്ധേയനായിരുന്നു. ബഹുമുഖമായ വൈദഗ്ദ്ധ്യങ്ങൾക്കൊണ്ട് അനുഗ്രഹീതനായിരുന്ന ഈ അഭിവന്ദ്യ പിതാവിനെപ്രതി നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം. പരിശുദ്ധ സഭ എക്കാലവും അദ്ദേഹത്തെ സ്മരിക്കും. സ്വർഗ്ഗീയ മഹോന്നതങ്ങളിൽ പരിശുദ്ധ മാലാഖമാരോടും പുണ്യവാന്മാരായ പൂർവ്വപിതാക്കന്മാരോടുമൊപ്പം ഈ പിതാവ് ദൈവസന്നിധിയിൽ നമുക്കുവേണ്ടി മദ്ധ്യസ്ഥത അണയ്ക്കുവാനിടയാകട്ടെ.

വാൽസല്യ മക്കളെ, കാനഡാ - യു.കെ - യൂറോപ്പ് മെത്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയിട്ടായിരുന്നു വല്ലോ അഭി. തോമസ് മാർ മക്കാറിയോസ് പിതാവ് ചുമതല നിർവ്വഹിച്ചുവന്നിരുന്നത്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിലൂടെ ആ സ്ഥാനം ഒഴിഞ്ഞു കിടക്കുകയാണ്. ആയതിനാൽ മലങ്കര സഭാ ഭരണഘടന 95-ാം വകുപ്പ് പ്രകാരം ആ മെത്രാസനത്തിന്റെ ഭരണം മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ നാം ഏറ്റെടുത്തിരിക്കുന്ന വിവരം ഈ കൽപ്പനയിലൂടെ അറിയിക്കുന്നു.

(മറുപുറം)

നമ്മുടെ എല്ലാ പള്ളികളിലും അടുത്ത ഞായറാഴ്ച വി. കുർബ്ബാന മദ്ധ്യേ അഭിവന്ദ്യ തോമസ് മാർ മക്കാറിയോസ് തിരുമേനിയെ ഓർത്ത് ധൂപപ്രാർത്ഥന നടത്തണം. അദ്ദേഹത്തിന്റെ സ്വർഗ്ഗീയ യേരുശലേമിലെ വാസത്തിനും വിശുദ്ധന്മാരോടും മാലാഖമാരോടുമൊപ്പമുള്ള നിത്യമായ സന്തോഷത്തിനും വേണ്ടി നിങ്ങളേവരും പ്രത്യേകം പ്രാർത്ഥിക്കണം.

ശേഷം പിന്നാലെ, സർവ്വ ശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് നമ്മുടെ ദൈവമാതാവായ പ. കന്യക മറിയം അമ്മയുടെയും, ഇന്ത്യയുടെ കാവൽ പിതാവായ മാർതോമ്മാ ശ്ലീഹായുടെയും നമ്മുടെ പ. പിതാക്കന്മാരായ മാർ ഗ്രീഗോറിയോസിന്റെയും, മാർ ദീവന്നാസ്യോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ ആമ്മീൻ

സ്വർഗ്ഗസ്ഥനായ .........................................



**ബസ്സേലിയോസ് മാർത്തോമ്മ ദിദിമൊസ് പ്രഥമൻ**

2008 ഫെബ്രുവരി മാസം 24-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും